പിന്തുണച്ചിരുന്നു. മുൻമുഖ്യമന്ത്രി ശ്രീ. എ. കെ. ആന്റണിക്കും മുൻ വ്യവസായ വകുപ്പുമന്ത്രി ശ്രീ. കുഞ്ഞാലിക്കുട്ടി സാഹിബിനും അറിയാവുന്നതാണ്. ഗവൺമെന്റ് ഗ്യാരണ്ടി ഉള്ളതുകൊണ്ട് കമ്പനി പണം കൊടുക്കേണ്ട ധനകാര്യസ്ഥാപനങ്ങൾ കടുത്ത നിലപാടിലാണ്. അതുകൊണ്ട് ബഹുമാനപ്പെട്ട മുഖ്യമന്ത്രിയും വ്യവസായ മന്ത്രിയും ഇടപെട്ട് അടിയന്തിരമായി വൺടൈം സെറ്റിൽമെന്റും ലോംഗ് ടേം എഗ്രിമെന്റും ഉണ്ടാക്കുന്നതിനുവേണ്ടി ബന്ധപ്പെട്ടവരുടെ യോഗം വിളിച്ചുകൂട്ടി ഈ ഗവണ്മെന്റിന്റെ കാലത്തുതന്നെ ഇത് നടപ്പാക്കുന്നതിനുള്ള നടപടിയെടുക്കണം. എറണാകുളം ജില്ലക്കാരനായ തൊഴിൽ വ്യവസായ വകുപ്പുമന്ത്രി മുൻകൈയെടുക്കണം. ഇനിയും കാലതാമസം നേരിട്ടാൽ നിക്ഷേപം ലഭിക്കാതെ പോവും. 1500 തൊഴിലാളികൾ ആത്മഹത്യയുടെ വക്കിലാണ്. നാല് വർഷമായി അവർക്ക് തൊഴിൽ ഇല്ലാത്ത സാഹചര്യമാണ്. അതുകൊണ്ട് ഏറ്റവും അടിയന്തിരമായി കമ്പനി തുറക്കാൻ നടപടി എടുക്കണമെന്ന് അഭ്യർത്ഥിക്കുകയാണ്.

വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി (ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ്): സർ, മൂന്ന് വർഷത്തിലേറെയായി പ്രവർത്തനരഹിതമായി കിടക്കുന്ന പെരുമ്പാവൂർ ട്രാവൻകൂർ റയോൺസ് തുറന്നു പ്രവർത്തിപ്പിക്കുക എന്ന ഉദ്ദേശത്തോടുകൂടി കോയമ്പത്തൂർ ആസ്ഥാനമായുള്ള എൻ.ഡി.ഇ.ഇ. ഗ്രൂപ്പുമായി 14-7-2004-ൽ സർക്കാരും റയോൺസ് കമ്പനി മാനേജുമെന്റും ഒരു കരാർ പത്രത്തിൽ ഒപ്പുവച്ചിരുന്നു. അതിനുശേഷം ധനകാര്യ സ്ഥാപനങ്ങൾ, ബാങ്കുകൾ എന്നിവയുമായി ഒരു വൺടൈം സെറ്റിൽമെന്റ് എഗ്രിമെന്റിൽ എത്തിച്ചേരാനായി പ്രൊമോട്ടർ പ്രസ്തുത സ്ഥാപനങ്ങളുമായി ചർച്ചകൾ നടത്തിവരികയാണ്. ഐ.ഡി.ബി.ഐ. തുടങ്ങിയ സ്ഥാപനങ്ങളുമായി ഏകദേശ ധാരണയിൽ എത്തിച്ചേരാനായതായാണ് പ്രൊമോട്ടർ അറിയിച്ചിട്ടുള്ളത്. കഴിഞ്ഞ ആഴ്ചയിലും ധനകാര്യ സ്ഥാപനങ്ങളുമായി ചർച്ച നടത്തിയിട്ടുണ്ട്. മാത്രമല്ല, ഇന്ന് രാവിലെ അതിന് ഒരു ഡേറ്റ് തരാം, ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ സാന്നിദ്ധ്യത്തിൽ ധനകാര്യ സ്ഥാപനങ്ങളേയും പ്രൊമോട്ടർമാരേയും അതുപോലെ ഈ ചർച്ചയിൽ പങ്കെടുത്ത പ്രധാനികളേയും പങ്കെടുപ്പിച്ചുകൊണ്ട് ഒരു ഫൈനൽ ഡിസ്ക്കഷൻ നടത്താമെന്ന് മുഖ്യമന്ത്രി സമ്മതിച്ചിട്ടുണ്ട്. ഏതായാലും അസംബ്ലി തീരുന്നതിനു മുമ്പ് ചർച്ച നടത്തി കമ്പനി തുറന്നു പ്രവർത്തിക്കുന്നതിനുള്ള എല്ലാ നടപടികളും ഗവണ്മെന്റ് സ്വീകരിക്കും.

മുഖ്യമന്ത്രി (ശ്രീ. ഉമ്മൻചാണ്ടി): സർ, ഈ കോൺഫറൻസ് 14-ാം തീയതി ഉച്ചയ്ക്ക് 12 മണിക്ക് ഇവിടെ വച്ച് കൂടാം.

(6) മുസ്ലീം പെൺകുട്ടികൾക്ക് നൽകിവരുന്ന സ്കോളർഷിപ്പ് തുടർന്ന് നൽകണമെന്ന ആവശ്യം

ശ്രീ. ആർ. ബാലകൃഷ്ണപിള്ള : സർ, വളരെ പ്രധാനപ്പെട്ട ഒരു കാര്യമാണ്. രാജഭരണ കാലം മുതൽ നടന്നുവന്ന ഒരു സംഭവമാണ് തിരുവിതാംകൂർ മുസ്ലീം വിദ്യാർത്ഥിനികൾക്കുള്ള സ്കോളർഷിപ്പ്. മുസ്ലീം ഗേൾസ് സ്കോളർഷിപ്പ് എന്നാണ് അറിയപ്പെടുന്നത്. പിന്നീട് എപ്പോഴാണെന്ന് അറിയില്ല കൊച്ചിയിലേക്കും മലബാറിലേക്കും അത് വ്യാപിപ്പിച്ചു. എട്ടാം ക്ലാസ്സിൽ വന്നു ചേരുന്ന കുട്ടികൾ

LIBRARY ARCHIVES Kerala Legislative Assembly

പത്താം ക്ലാസ്സ് ജയിച്ചു പോയിട്ടും സ്കോളർഷിപ്പ് കൊടുക്കാൻ കഴിയുന്നില്ല എന്നതാണ് എനിക്ക് കിട്ടിയ വിവരം. ഞാൻ പല സ്ഥലത്തും അന്വേഷിച്ചു. എന്റെ ജില്ലയിലെ കുട്ടികൾക്കും കിട്ടുന്നില്ല. ഇതിൽ രണ്ട് കുഴപ്പമുണ്ട്. ബഹുമാനപ്പെട്ട വിദ്യാഭ്യാസ വകുപ്പുമന്ത്രി ശ്രദ്ധിക്കണം. ഇതിന് അപേക്ഷ കൊടുക്കുന്നവർക്ക് മാത്രമേ ഇപ്പോൾ കൊടുക്കുന്നുള്ളൂ. മുമ്പ് ഇങ്ങനെ ആയിരുന്നില്ല. ലംപ്സം ഗ്രാന്റ് കൊടുക്കുന്നതുപോലെ, പട്ടികജാതി/പട്ടികവർഗ്ഗ വിദ്യാർത്ഥിനികൾക്ക് കൊടുക്കുന്നതുപോലെ, സ്കൂളിൽ നിന്ന് മുസ്ലീം വിദ്യാർത്ഥിനികൾക്ക് ബിൽ എഴുതി കൊടുത്ത് അത് പാസ്സാക്കി സ്കോളർഷിപ്പ് കൊടുക്കുക എന്നതായിരുന്നു നേരത്തെ ഉണ്ടായിരുന്ന നിയമം. അത് ഇപ്പോൾ എങ്ങനെ മാറി എന്ന് അറിയില്ല. ആ തുക വളരെ തുച്ഛമാണ്. എന്റെ അറിവിൽ യു.പി. സ്കൂളിൽ 75 രൂപയും പ്രൈമറി സ്കൂളിൽ 50 രൂപയും ഹൈസ്കൂളിൽ ഒരു വർഷം 100 രൂപയുമാണ്. ഇത് പ്രൊപ്പോർഷണേറ്റായി വളരെ കുറവാണ്. സർ സി.പി.രാമസ്വാമി അയ്യർ തിരുവിതാംകൂർ ഭരിച്ചപ്പോഴും ഹബീബുള്ള ഇവിടത്തെ ദിവാൻജി ആയിരുന്ന കാലത്തും മുസ്ലീം പെൺകുട്ടികൾക്ക് കൊടുത്തിരിക്കുന്നത്. മലയാളം സ്കൂളിൽ അഞ്ച് രൂപയും ഇംഗ്ലീഷ് സ്കൂളിൽ ഏഴര രൂപയും ഹൈസ്കൂളിൽ പതിനഞ്ച് രൂപയും അന്ന് ഫീസ് കൊടുക്കണമായിരുന്നു. അത് ഞാൻ അംഗീകരിക്കുന്നു. പ്രൊപ്പോർഷണേറ്റായി ഇത് വർദ്ധിച്ചില്ല എന്നുമാത്രമല്ല, 50,75,100 എന്ന് നിൽക്കുകയാണ്. ഇത് കൊടുത്തിട്ടുമില്ല. അടുത്തകാലത്ത് കുറച്ച് പണം കൊടുത്തതായാണ് മനസ്സിലാക്കുന്നത്. അതാത് വർഷം ഇത് കൊടുക്കുന്നില്ല. വേറൊരു ഗ്രാന്റു കൂടി കൊടുക്കുന്നുണ്ട്. അത് അങ്ങയുടെ വകുപ്പിൽ നിന്നല്ല. ബഹുമാനപ്പെട്ട സാംസ്കാരിക വകുപ്പുമന്ത്രിയുടെ വകുപ്പിൽ നിന്നാണ് കൊടുക്കുന്നത്. അത് എങ്ങനെയാണെന്ന് ചോദിച്ചാൽ പ്ലസ് ടുവിന് പണ്ട് സ്കോളർഷിപ്പ് ഉണ്ടായിരുന്നു. 20,000 രൂപ വരെ വരുമാനമുള്ളവർക്ക് ഫീസ് ആനുകൂല്യം എന്നാണ്. പക്ഷേ ഇപ്പോൾ പ്ലസ് ടുവിന് ഫീസ് ഇല്ലാത്തതുകൊണ്ട് ആ ആനുകൂല്യത്തിന്റെ പ്രശ്നം ഉദിക്കുന്നില്ല. എന്നാൽ ഡിഗ്രിക്ക് 25,000 രൂപവരെ ഉള്ളവർക്ക് മുഴുവൻ ഫീസ് ആനുകൂല്യമാണ് കൊടുത്തിരിക്കുന്നത്. പക്ഷേ അത് ഇപ്പോൾ ആർക്കും കിട്ടുന്നില്ല. മാത്രമല്ല, 20,000 രൂപ വരുമാനം എന്നുപറഞ്ഞാൽ ഡിഗ്രിക്ക് പഠിക്കുന്ന ഒരു കുട്ടിക്ക് അത് വലിയ കാര്യമായ ഒന്നല്ല. അത് അദ്ദേഹം മറുപടി പറയുകയോ അങ്ങ് മറുപടി പറയുകയോ ചെയ്യണം. ആര് പറഞ്ഞാലും എനിക്ക് വിരോധമില്ല. പ്രൊഫഷണൽ ടെക്നിക്കൽ കോഴ്സുകൾക്ക് 36,000 രൂപയിൽ താഴെ വരുമാനമുള്ളവർക്ക് ഫീസ് ആനുകൂല്യവും പ്രതിമാസ സ്റ്റൈഫന്റും ഉണ്ട്. കുമാരപിള്ള കമ്മീഷന്റെ അടിസ്ഥാനത്തിലും നമ്മുടെ ക്യാബിനറ്റ് എടുത്ത തീരുമാനത്തിന്റെ അടിസ്ഥാനത്തിലും ഈ തുക ഉയർത്തിയിട്ടുണ്ട്. കഴിഞ്ഞ നാല് കൊല്ലമായി പട്ടികജാതി/പട്ടികവർഗ്ഗ മുസ്ലീം കുട്ടികൾക്ക് കിട്ടിയിട്ടില്ല. ഒ.ബി.സി യിൽപ്പെട്ട പലർക്കും കിട്ടിയിട്ടില്ലെന്നാണ് ഞാൻ മനസ്സിലാക്കുന്നത്. അതുകൊണ്ട് ലംപ്സം ഗ്രാന്റിനുവേണ്ടി നിശ്ചയിച്ചിരിക്കുന്ന വരുമാനപരിധി കാലഘട്ടത്തിനനുസരിച്ച് കുമാരപിള്ള കമ്മീഷന്റെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ വർദ്ധിപ്പിച്ച് തുകകൾ മറ്റ് ഫീസ് ആനുകൂല്യങ്ങൾ വർദ്ധിപ്പിച്ചതിന്റെയടിസ്ഥാനത്തിൽ വർദ്ധിപ്പിക്കുക യെന്നുള്ളതാണ് ആവശ്യം. രണ്ടാമത് പട്ടികജാതി/പട്ടികവർഗ്ഗ മുസ്ലീം ഗേൾസ്

LIBRARY ARCHIVES Kerala Legislative Assembly

സ്കോളർഷിപ്പ് സ്ക്കൂളുകളിൽ കൊടുക്കാനുള്ളത് കൊടുക്കുക. മൂന്നാമത് കുടിശ്ശികയുള്ള ലംപ്സം ഗ്രാന്റ് കൊടുക്കുന്നത് മറ്റൊരു മിനിസ്ട്രിയിൽനിന്നാണ്. ഒ.ബി.സി., ഒ.ഇ.സി, എസ്.സി.ബി.സി. വിഭാഗങ്ങളിലുള്ള കുട്ടികളുടെ വിദ്യാഭ്യാസത്തിന്റെ കുട്ടത്തിൽ ഇതും വരും. മുസ്ലീം കുട്ടികളുടേയും ഇതിനകത്ത് വരും. അതുകൊണ്ട് ഇവർക്കുള്ള ഗ്രാന്റ് കൊടുക്കുകയും ചെയ്യുക. 75 രൂപയാണ് കൊടുക്കുന്നത്. മൂന്നു നാല് കൊല്ലമായിട്ട് ഇത് കൊടുക്കാതിരിക്കുക എന്നുള്ളത് ശരിയായ കാര്യമല്ല. മാത്രമല്ല ഇതിന് അപേക്ഷ കൊടുക്കുക എന്നുള്ളത്, 50 രൂപ കൊടുത്ത് അപേക്ഷ കൊടുക്കാൻ രക്ഷകർത്താക്കൾ വരില്ല. റേഷൻകാർഡ് മാനദണ്ഡമായി സ്വീകരിക്കണമെന്നുള്ളതാണ്. ബി.പി.എൽ.-ലിലുള്ള ആളുകൾക്ക് ഇത് മാനദണ്ഡമായി സ്വീകരിച്ചാലും വിരോധമില്ല. പക്ഷെ അപേക്ഷ കൊടുക്കുകയെന്നുള്ളത് പാവപ്പെട്ടവർക്ക് ബുദ്ധിമുട്ടുണ്ടാക്കുന്നതാണ്. അതുകൊണ്ട് ഈ നൂലാമാലകൾ രണ്ട് മന്ത്രിമാരും കൂടി ആലോചിച്ച് പരിഹരിക്കുകയും പുതിയ ബഡ്ജറ്റ് വരുമ്പോൾ എങ്കിലും ഇതിന്റെ കുടിശ്ശിക തീർത്ത് കൊടുക്കാനുള്ള ഏർപ്പാട് പ്രത്യേകിച്ച് മുസ്ലീം ഗേൾസ് സ്കോളർഷിപ്പ് കൊടുക്കാനുള്ള ഏർപ്പാട് ഉണ്ടാക്കുകയും ചെയ്യണം.

വിദ്യാഭ്യാസ വകുപ്പുമന്ത്രി (ശ്രീ. ഇ. ടി. മുഹമ്മദ് ബഷീർ): ശ്രീ. ആർ. ബാലകൃഷ്ണപിള്ള ഇവിടെ ചൂണ്ടിക്കാണിച്ച നാടാർ, മുസ്ലീം പെൺകുട്ടികളുടെ സ്കോളർഷിപ്പിന്റെ പ്രശ്നം പൂർണ്ണമായി പരിഹരിക്കാൻ പോകുകയാണെന്ന കാര്യം അങ്ങയെ അറിയിക്കാൻ എനിക്ക് സന്തോഷമുണ്ട്. 1966 എന്ന് അങ്ങ് ചൂണ്ടിക്കാണിച്ചല്ലോ. 1966 മുതൽ കിട്ടുന്നതാണ്. ഇത് കൊല്ലത്തിൽ ഒറ്റ പ്രാവശ്യം കിട്ടുന്നതാണ്. അതുകൊണ്ട് സമയത്ത് കൊടുത്തില്ലെങ്കിൽ അത് വാങ്ങാൻ ആള് വരില്ല. അതിന്റെ പ്രശ്നം ഇതാണ്. അദ്ദേഹം ചൂണ്ടിക്കാണിച്ചതുപോലെ ഇതിന്റെ നടപടിക്രമങ്ങൾ ലഘൂകരിക്കാം. റേഷൻ കാർഡ് അവലമ്പിച്ചുകൊണ്ട് തന്നെ ചെയ്യാം. മറ്റൊരു കാര്യമെന്നു പറയുന്നത് ഇതിൽ അരിയർ ഉണ്ടായിരുന്നു. അതുകൊണ്ട് 2004-05 സാമ്പത്തിക വർഷം 3,26,10,000 രൂപ അതിനുവേണ്ടി അനുവദിച്ചു. സപ്ലിമെന്ററി ഗ്രാന്റായിട്ട് 50,00,000 രൂപയും. തുക മുഴുവൻ ജില്ലാ പഞ്ചായത്തുകൾ മുഖേന വിതരണം ചെയ്തുവരികയാണ്. സ്ക്കൂളുകളിൽ പഠിക്കുന്ന മുഴുവൻ കുട്ടികൾക്കും കൊടുക്കാൻ ഈ തുക മതിയാകും. 2005-06-ലെ ബഡ്ജറ്റിൽ 3,53,12,000 രൂപയും വകയിരുത്തിയിട്ടുണ്ട്. എന്നുപറഞ്ഞാൽ 2005-06 അധ്യയന വർഷം സ്ക്കൂളിൽ പഠിക്കുന്ന മുഴുവൻ കുട്ടികൾക്കും കൊടുക്കാനാവശ്യമായ തുക ബഡ്ജറ്റിൽ വച്ചിട്ടുണ്ട്. അതിൽ ചെറിയ പ്രശ്നമുണ്ട്. ഇതിൽ യൂട്ടിലൈസേഷൻ സർട്ടിഫിക്കറ്റിന്റെ പേരിൽ തടഞ്ഞുവയ്ക്കുന്ന സംഗതിയുണ്ട്. ഇത് യഥാസമയം കൊടുത്തിട്ടുണ്ടോയെന്ന് മോണിറ്റർ ചെയ്യുന്നതിന് ഡി.പി.ഐ. ഓഫീസിൽ ഒരു സംവിധാനം ഇപ്പോൾ ഏർപ്പെടുത്തിയിട്ടുണ്ട്. മോണിറ്ററിംഗ് സെൽ ഇതിനുവേണ്ടി മാത്രമായി രൂപീകരിച്ചിട്ടുണ്ട്. അങ്ങേക്ക് താൽപര്യമുണ്ടെങ്കിൽ കണക്കുകൾ ഓരോന്ന് പറയാം. തിരുവനന്തപുരം ജില്ലയിൽ 32,55,000 രൂപ കൊടുത്തുകഴിഞ്ഞു. എല്ലാ ജില്ലയിലും കൊടുത്തിട്ടുണ്ട്. 3,67,12,000 രൂപ അവർ ഡിസ്പോസ് ചെയ്തിട്ടുണ്ട്. അദ്ദേഹം ചൂണ്ടിക്കാണിച്ചതുപോലെ പ്രശ്നം പൂർണ്ണമായിട്ട് പരിഹരിക്കാൻ പോകുകയാണ്.

2/2315/2013.

LIBRARY ARCHIVES Kerala Legislative Assembly

പിന്നോക്ക പട്ടിക സമുദായക്ഷേമവും സാംസ്ക്കാരികകാര്യവും വകുപ്പുമന്ത്രി (ശ്രീ. എ. പി. അനിൽകുമാർ): കഴിഞ്ഞ നാല് വർഷമായിട്ട് ഈ തുക കൊടുക്കുന്നില്ലെന്ന് പറയുന്നത് ശരിയല്ല. ഒ.ഇ.സി., ഒ.ബി.സി. വിഭാഗത്തിൽ 2003-04-ൽ 28.96 കോടി രൂപ കൊടുത്തുകഴിഞ്ഞു. 2004-05-ൽ ഇതുവരെ 10 കോടി രൂപ കൊടുത്തുകഴിഞ്ഞു. ഇനിയും അടുത്തിടെയുള്ള ചില മാസങ്ങളുടേത് കൊടുക്കാനുണ്ട്. അത് എത്രയും പെട്ടെന്ന് കൊടുക്കാനുള്ള നടപടിയെടുക്കും. അതുപോലെ പ്ലസ് ടു വിഭാഗങ്ങളിൽപെട്ട കുട്ടികളുടെ പരീക്ഷാ ഫീസ് ഉൾപ്പടെയുള്ളത് പട്ടികജാതി വികസന വകുപ്പ് കുട്ടികൾക്ക് കൊടുത്തുകൊണ്ടിരിക്കുകയാണ്.

7. മണ്ണാർക്കാട് വിദ്യാഭ്യാസ ഉപജില്ല വിഭജിക്കണമെന്ന ആവശ്യം

ശ്രീ. കളത്തിൽ അബ്ദുള്ള: കേരളത്തിലെ ഏറ്റവും വലിയ താലൂക്കായ മണ്ണാർക്കാട് താലൂക്കിൽ 133 സ്ക്കൂളുകളും 67,119 വിദ്യാർത്ഥികളും 2106 അധ്യാപകരും ഉണ്ട്. ഈ വിദ്യാഭ്യാസ ജില്ല വിഭജിച്ച് രണ്ടാക്കണമെന്ന് ആവശ്യം ഒരു സബ്മിഷനിലൂടെ ഉന്നയിക്കുകയാണ്.

വിദ്യാഭ്യാസ വകുപ്പുമന്ത്രി (ശ്രീ. ഇ. ടി. മുഹമ്മദ് ബഷീർ): ഈ വിദ്യാഭ്യാസ ജില്ല രൂപീകരിക്കുന്നതിന്റെ പ്രൊപ്പോസൽ ഗവൺമെന്റിന്റെ മുൻപിൽ ഇതിക്കുകയാണ്. ഇത് സംബന്ധിച്ച് ഗവൺമെന്റ് പരിശോധിച്ചുകൊണ്ടിരിക്കുകയാണ്. അദ്ദേഹം പറഞ്ഞ കാര്യം ശരിയാണ്. വളരെ പിന്നോക്കം നിൽക്കുന്ന വിദ്യാഭ്യാസ ജില്ലയാണ്. അതുകൊണ്ട് വിദ്യാഭ്യാസ ജില്ലയെ വിഭജിക്കുകയാണെങ്കിൽ ഫസ്റ്റ് പ്രയോറിറ്റി അതിന് കൊടുക്കണമെന്നുള്ളതാണ് ഗവൺമെന്റിന്റെ ആഗ്രഹം. ഇത് വളരെ ഗൗരവമായി പരിഗണിക്കുന്നതാണ്.

8. സ്വാശ്രയ കോളേജുകളിൽ മെരിറ്റ് സീറ്റുകളിൽ അഡ്മിഷൻ ലഭിച്ച വിദ്യാർത്ഥികൾക്ക് സർക്കാർ ഫീസ് നൽകി പഠിക്കുവാൻ അവസരം ഉണ്ടാക്കണമെന്ന ആവശ്യം

ശ്രീ. പി. എസ്. സുപാൽ: വളരെ പ്രാധാന്യമുള്ള ഒരു പ്രശ്നമാണിത്. ഞാൻ അടിയന്തിരപ്രമേയമായി ഈ സഭയിൽ അവതരിപ്പിച്ചിട്ടുള്ളതാണ്. 2003-04 അധ്യയന വർഷം മെഡിക്കൽ അനുബന്ധ കോഴ്സുകൾക്ക് അഡ്മിഷൻ ലഭിച്ച 1600 ഓളം വിദ്യാർത്ഥികൾ ഇന്ന് വലിയ പ്രതിസന്ധി നേരിടുകയാണ്. ഇന്ന് വിദ്യാർത്ഥികളെ കൂട്ടംകൂട്ടമായി വിദ്യാഭ്യാസസ്ഥാപനങ്ങളിൽനിന്ന് മാനേജ്മെന്റുകൾ പുറത്താക്കി കൊണ്ടിരിക്കുകയാണ്. അമിത ഫീസ് ആവശ്യപ്പെട്ടുകൊണ്ടാണ് മാനേജ്മെന്റുകൾ വിദ്യാർത്ഥികളെ പുറത്താക്കിക്കൊണ്ടിരിക്കുന്നത്. യഥാർത്ഥത്തിൽ 2003-04 അധ്യയന വർഷം അഡ്മിഷൻ ലഭിക്കുന്ന അവസരത്തിൽ ശ്രീ. കെ. ടി. തോമസ് കമ്മീഷൻ നിലവിലുണ്ടായിരുന്നില്ല. അന്ന് മെറിറ്റ് അടിസ്ഥാനത്തിൽ അഡ്മിഷൻ ലഭിച്ച വിദ്യാർത്ഥികൾക്ക് സർക്കാർ കോളേജിലെ ഫീസ് മാത്രം കൊടുത്താൽ മതിയെന്ന ഗവൺമെന്റിന്റെ നിർദ്ദേശമനുസരിച്ചാണ് വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ അഡ്മിഷൻ

LIBRARY ARCHIVES Kerala Legislative Assembly